LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും ഉൾപ്പെടെ ആകെ 215 കോളനികൾ പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ 2013-14-ൽ പാമ്പാടുംപാറ-ആദിയാർപുരം കോളനി, ശാന്തൻപാറ-സെന്റർ തൊട്ടിക്കാനം എന്നീ രണ്ടു കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതിക്കനുസരിച്ച് മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

295(2764) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) 2012-13, 2013-14 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തത് എന്നും ഇതിന്റെ പ്രവൃത്തിക്ക് നേതൃത്വം നൽകുന്നത് ആരാണ് എന്നും എത്ര ജോലികൾ ഇവിടെ നടന്നിട്ടുണ്ട് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) കോളനികളിലെ പ്രവൃത്തികൾ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാതലത്തിൽ വിളിച്ചുചേർത്ത് വിലയിരുത്താറുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് പദ്ധതി അവലോകനം ചെയ്യാറുണ്ട്.

(സി) 2012-13-ൽ മുച്ചിക്കുണ്ട് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്.

- കുളം നവീകരണം/കുളം വൃത്തിയാക്കൽ, ചുറ്റുമതിൽ/കുടിവെള്ള വിതരണം.
- പമ്പ് ഹൗസ് 95% പണികൾ പൂർത്തിയായി കുടിവെള്ള വിതരണം, വാട്ടർ ടാങ്ക് നവീകരണം എന്നിവ 80% പൂർത്തിയായി.
- കോൺക്രീറ്റ് റോഡ് (3 മീറ്റർ), കോൺക്രീറ്റ് റോഡ് (100 മീറ്റർ) പണി ആരംഭിച്ചിട്ടില്ല.

2013-14-ൽ കല്ലറക്കുന്ന് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ

ഏജൻസി - സിഡ്കോ കോഴിക്കോട്

കോട്ടാടി-കല്ലറക്കുന്ന്-പൂളപ്പാടം റോഡ്&കല്ലറക്കുന്ന് പള്ളിക്കര-ചുരക്കാവിൽ റോഡ്, കല്ലറക്കുന്ന്-കോടംപാട്ടിൽ, കല്ലറക്കുന്ന്-ചെറിയങ്ങര, കല്ലറക്കുന്ന്-ദേവസ്വംപറമ്പിൽ റോഡ്, കല്ലറക്കുന്ന്-പാണത്തൊടി പുരായി റോഡ് എന്നീ റോഡുകളുടെ വികസനം, ശ്മശാനം ചുറ്റുമതിൽ നിർമ്മാണം, നടപ്പാത വികസനം, പുതിയ കഴൽക്കിണർ, കിണർ, നടപ്പാത, ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പഞ്ചായത്ത് കിണർ നവീകരണം എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ.

പട്ടികജാതി/പിന്നോക്ക സമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റുകൾ

296(2765) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിലും, മറ്റുപിന്നോക്ക സമുദായ വിഭാഗങ്ങളിലും ഉൾപെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസ ഗ്രാന്റുകൾ, ഹയർ എജ്യൂക്കേഷൻ സ്കോളർഷിപ്പുകൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിൽ ഏറെ കാലതാസമം നേരിടുന്നുണ്ടോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ഗ്രാന്റുകൾ അതാത് അദ്ധ്യയനവർഷങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

GPM. 2/242/2020-51

LIBRARY ARCHIVES Kerala Legislative Assembly